**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4819** **20-07-2022 - ൽ മറുപടിയ്ക്ക്**

**മണികണ്ഠൻചാൽ ചപ്പാത്തിലെ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലം പണിയുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി നേടുകയും ആയതുപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ വിങ്ങിൽ നിന്നും പാലത്തിന്റെ ടെൻഡേറ്റീവ് ജനറൽ അലൈൻമെന്റ് ഡ്രോയിംങ് ലഭ്യമായിട്ടുണ്ട്. കൂടാതെ പാലം നിർമ്മാണത്തിനായി കേന്ദ്രവനം (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അതോറിററി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും അപേക്ഷയുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട അതോറിറ്റി നിർദ്ദേശിച്ചത് പ്രകാരം ഡിവിഷണൽ ഫോറസ്ററ് ഓഫീസർ, മലയാറ്റൂരിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 7.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം പണിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളും പ്രവൃത്തികളും വിശദമാക്കാമോ; | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത പ്രദേശത്ത് മഴക്കാലത്ത് കൂടി സഞ്ചാരയോഗ്യമാകുന്ന തരത്തിൽ പുതിയ പാലം | (ഡി) | പ്രസ്തുത പാലവും, നിർമ്മിക്കാനുദ്ദേശിക്കുന്ന അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥലങ്ങളും വനം വകുപ്പിന്റെ അധീനതയിൽ ആയതിനാൽ |

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം **1980** പ്രകാരം കേന്ദ്രത്തിന്റെ അനുമതി ആവശ്യമാണ്. ആയതിന് വേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാൽ പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും . |

സെക്ഷൻ ഓഫീസർ